ഉന്നയിച്ചിരുന്നു. അതിന് മറുപടി പറഞ്ഞപ്പോൾ നടപടി സ്വീകരിക്കാമെന്ന് പറഞ്ഞു. ഒരു നടപടിയും ഇതേവരെ സ്വീകരിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും സബ്മിഷൻ ഉന്നയിക്കുന്നത്.

അവിടെ 24 ഷെഡ്യൂൾ ഉള്ളതിന് 26 ബസ് വേണം. അതിന് 20 ബസ് സുകൾ മാത്രമാണുള്ളത്. അതിൽ 7 എണ്ണം സ്ഥിരമായി കട്ടപ്പുറത്താണ്. ആറ് ബസിന് ഒറ്റ ടയർപോലുമില്ല. ഒരെണ്ണം പാപ്പനംകോടും രണ്ടെണ്ണം ഡിവിഷനിലുമാണ്. 10 ബസ് സുകൾ സർവ്വീസ് നടത്തുന്നതിൽ തിരിച്ചെത്തുന്നത് 5 എണ്ണമാണ്. അഞ്ചെണ്ണം വഴിയിലും. അവിടെ ഇന്ന് ആദ്യത്തേയും അവസാനത്തേതുമായ ഷെഡ്യൂളുകൾ ഓടുന്നില്ല. അവിടെ വർക്ക്ഷോപ്പ് രണ്ടുവർഷം മുമ്പാണ് തുടങ്ങിയത്. കോൺട്രാക്ടർ ബിൽ മാറാത്തതുകൊണ്ട് പണി നടത്താൻ നിവൃത്തിയില്ലാതിരിക്കുകയാണ്. ആവശ്യത്തിന് മെക്കാനിക്കൽ സ്റ്റാഫില്ല. ഒരെണ്ണമേയുള്ളൂ 10 ബസ്സുകൾ ദിവസവും അവിടെ ബ്രേക്ക്ഡൗണായി കൊണ്ടിടാറുണ്ട്. രാത്രിയിൽ അവിടെ വെളിച്ചമില്ല. വെയിറ്റിംഗ് ഷെഡ്ഡില്ല. ഉള്ള വെയിറ്റിംഗ് ഷെഡ് ചോർന്നൊലിക്കുന്നു. വിദ്യാർത്ഥികൾക്ക് കൺസഷൻ കിട്ടുന്നില്ല. ഈ പറഞ്ഞ സൗകര്യങ്ങളെല്ലാം അവിടെ ഉണ്ടാക്കണം. അതിനുവേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): 11-2-1981-ൽ 12 ഷെഡ്യൂളുകളോടുകൂടി കിളിമാനൂർ ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചു. ഇന്നിപ്പോൾ അഞ്ച് ഫാസ്റ്റ് പാസഞ്ചറും 18 ഓർഡിനറി സർവ്വീസുകളുമുണ്ട്. ടയർ ഇല്ലാത്തതുകൊണ്ട് മൂന്നു ബസ്സു് അറ്റകുറ്റപണികൾക്കായി അഞ്ച് ബസ്സും വർക്കുഷോപ്പിൽ കിടക്കുകയാണ്. എന്നാൽ യാതൊരു സർവ്വീസും ക്യാൻസൽ ചെയ്തിട്ടില്ല. ടയർ ക്ഷാമം മൂലമാണ് ഈ പ്രയാസമുള്ളത്. 30/37.5 മീറ്റർ വലിപ്പത്തിലുള്ള ഒരു ഹാംഗർ ടൈപ്പ് ഗാരേജിന്റെ നിർമ്മാണം ധൃതഗതിയിൽ നടക്കുകയാണ്. പണി റൂഫ്തലംവരെ എത്തി. അടുത്ത നാലഞ്ച് മാസംകൊണ്ട് അത് പൂർത്തിയാകും. അതോടൊപ്പം അവിടത്തെ യാത്രാക്ലേശം പരിഹരിക്കും.

(6) പെരിന്തൽമണ്ണ ഗവൺമെന്റ് കോളേജ്

ശ്രീ. നാലകത്ത് സൂപ്പി: പെരിന്തൽമണ്ണ ഗവൺമെന്റ് കോളേജ് 1974-75-ൽ ആരംഭിച്ചതാണെങ്കിലും ഇതുവരെ അതിന് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കിയിട്ടില്ല. തൊട്ടടുത്ത ഗവൺമെന്റ് പോളിടെക്നിക്കിന്റെ ഒരു കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്. കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടെങ്കിലും അത് തടസ്സപ്പെട്ടുകിടക്കുകയാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കാരണമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അതിനേക്കൂടി ആരംഭിച്ച ഏറെ പല കോളേജ് കെട്ടിടങ്ങളുടെയും പണി പൂർത്തിയായിട്ടുണ്ട്. പെരിന്തൽമണ്ണയിൽ മാത്രം ഇങ്ങനെ അനാസ്ഥ കാണുന്നതിൽ എനിക്ക് അതിയായ വിഷമമുണ്ട്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. അതുപോലെ ആ കോളേജിലുള്ള സൗകര്യങ്ങൾ വെച്ചുകൊണ്ട് ഡിഗ്രി ക്ലാസ്സു തുടങ്ങാൻ യൂണിവേഴ്സിറ്റിയുടെ റെക്കമെന്റേഷൻ ഉണ്ടായിരുന്നു. അതും ഗവൺമെന്റിന്റെ മുമ്പാകെ കിടക്കുകയാണ്. അതും അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജോബ്): പെരിന്തൽമണ്ണ പൂക്കോയതങ്ങൾ മെമ്മോറിയൽ കോളേജിന് 1981-ൽ 30 ലക്ഷം രൂപക്കുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി നൽകി അതിന്റെ പ്രവർത്തനം നടന്നുവരികയണ്. ഇതിനിടക്ക് ബിൽ കിട്ടാത്തതുകാരണം അതിന്റെ കോൺട്രാക്റ്റർ പണി അല്പം താമസിപ്പിക്കുകയുണ്ടായി. കഴിഞ്ഞ മാസം അഞ്ച് ലക്ഷം രൂപ ആ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് പണി ഉടൻ തന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. പുതിയ കോഴ്സുകൾ തുടങ്ങാനുള്ള അപേക്ഷ അവിടെനിന്നും കിട്ടിയിട്ടുണ്ട്. ബി. എ. എക്കണോമിക്സ് ആരംഭിക്കുന്നതിനുള്ള ശുപാർശയാണ് സർവകലാശാലയിൽനിന്നും കിട്ടിയിരിക്കുന്നത്. പുതിയ കോഴ്സുകൾ തുടങ്ങാൻ തീരുമാനമെടുക്കുന്ന കൂട്ടത്തിൽ തീർച്ചയായും ഈ കാര്യം പരിഗണിക്കുന്നതാണ്.

(7) കൊറാക്കര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ആർ. എസ്. ഉണ്ണി: എന്റെ നിയോജകമണ്ഡലത്തിൽപെട്ട കൊറാക്കര പഞ്ചായത്ത് പത്തുനാൽപ്പത്തയ്യായിരം ജനസംഖ്യയുള്ളതാണ്. ഇതൊരു പ്രോബ്ലം വില്ലേജായി പണ്ടേ തീരുമാനിച്ചതാണ്. അവിടെ ഒരു വാട്ടർ സപ്ലൈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നെതർലാന്റ് സ്കീമിൽപെടുത്താൻ ആലോചന നടത്തിയെങ്കിലും പിന്നെ എങ്ങനെയോ അത് വിട്ടുപോയി. പിന്നീട് ആ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ച് തറക്കല്ലിട്ടു. ഇപ്പോൾ അതിന്റെ പണികളിൽനിന്നുള്ള നിർദ്ദേശപ്രകാരം നിർത്തിയിരിക്കുന്നതായി അറിഞ്ഞു. റിഗ്ഗ് വന്നു. അത് ഇറക്കാൻ തുടങ്ങിയപ്പോൾ നിർത്തിവെച്ചുകൊണ്ട് ആണ് മുകളിൽനിന്നുള്ള നിർദ്ദേശം എന്നാണ് കേട്തത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും എക്സിക്യൂട്ടീവ് എൻജിനീയറുമൊക്കെയാണ് ഇങ്ങനെ പറയുന്നത്. അതുകൊണ്ട് ആ നിർദ്ദേശം മാറി അതിന്റെ പണി തുടങ്ങിയാൽ തരക്കേടില്ലായിരുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, കൊറാക്കര ശുദ്ധജലവിതരണ പദ്ധതി നെതർലാന്റ് [10 A.M.] സ്കീമിൽ പെടുത്താൻ സാധിച്ചില്ല. അതൊക്കെ ഫൈനലൈസ് ചെയ്തു കഴിഞ്ഞു. ഇൻഡ്യാ ഗവൺമെന്റിന്റെ ഇറഗ്രേറേഡ് റൂറൽ വാട്ടർ സപ്ലൈ സ്കീമിലുൾപെടുത്തി അതിന്റെ വർക്ക് തുടങ്ങിക്കഴിഞ്ഞു. ട്യൂബ്വെല്ലിൽ നിന്ന് ഗ്രൗണ്ട് വാട്ടർ എടുത്തിട്ടുള്ള സോഴ്സാണ് അവിടെ പ്ലാൻചെയ്തത്. ഒരു റിഗ്ഗ് അയച്ച് രണ്ടു ട്യൂബ്വെൽ പരിശോധിച്ചു. ഒന്നിൽ തീരെ വെള്ളമില്ല. മറ്റത് കുഴിച്ചുതുടങ്ങിയപ്പോൾ പാറ കണ്ടു. അതുകൊണ്ട് ട്യൂബ്വെല്ലിന് സാധിക്കുകയില്ല. അങ്ങനെയാണ് പണിമുടങ്ങിയത്. മുകളിൽനിന്നോ താഴെനിന്നോ ആവശ്യപ്പെട്തുകൊണ്ടല്ല മുടങ്ങിയത്. ട്യൂബ്വെല്ലിന് അവിടെ സാധ്യതയില്ല. പാറകണ്ടാൽ അത് കുഴിക്കാൻ സാധിക്കുകയില്ല. ഇനി വേറെ സ്ഥലം പരിശോധിക്കാൻ ഫർപ്പാടു ചെയ്തു. പാറ എന്താ മണ്ണ് എന്താ എന്ന് അറിയുകയില്ലാത്തവരോടു പറഞ്ഞിട്ട് കാര്യമില്ല. ഏതായാലും ട്യൂബ്വെൽ കുഴിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള സ്ഥലം നിർണ്ണയിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly